പാട്ടുപുരയ്ക്കൽ-ഇടച്ചിറ റോഡ്

87 (870)ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തൃക്കാക്കര പഞ്ചായത്തിൽ പാട്ടുപുര യ്ക്കൽ ഇടച്ചിറ വായനശാല റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തി ട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഏറ്റെടുത്തത്;

(സി) ഇതിന്റെ നിർമ്മാണത്തിനുവേണ്ടി 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ എത്ര രൂപ വീതം വകയിരുത്തിയി ട്ടുണ്ട്;

(ഡി) ഇതിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) ഇതിന്റെ നിർമ്മാണ ചുമതല വഹിച്ച കോൺട്രാക്ടർക്ക് ഇതു വരെ എത്ര സംഖ്യ കൊടുത്തു; ഇനി എത്ര കൊടുക്കാനുണ്ട്;

(എഫ്)ഈ റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഏറ്റെടുത്തിട്ടുണ്ട്.

(ബി) 11.7.1995-ലെ ഉത്തരവ് പ്രകാരം.

(സി) 1996-97-ൽ മാത്രം വില്ലേജ് റോഡ് ഇനത്തിൽ 4 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ഡി) റോഡു ഫോർമേഷനും റോഡിന്റെ വശങ്ങൾ ബലപ്പെടുത്തൽ പണികളും പൂർത്തിയായിട്ടുണ്ട്.

(ഇ) ഇതുവരെ 5.88 ലക്ഷം രൂപ കൊടുത്തു. ഇനി 48 ലക്ഷം രൂപ കൊടുക്കാനുണ്ട്.

(എഫ്)ഈ ജോലിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

വെള്ളരിക്കുണ്ട് - കൊന്നക്കാട് റോഡ്

88 (871)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്-കൊന്നക്കാട് റോഡ് ഒ.ഡി.ആർ-ൽ നിന്ന് എം.ഡി.ആർ. ആയി ഉയർത്തണമെന്ന ആവശ്യം സർക്കാ രിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത റോഡ് എം.ഡി.ആർ. ആയി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിശോധിക്കുന്നതാണ്.

ശബരിമല റോഡ് സംബന്ധിച്ച സഭാസമിതി നിർദ്ദേശം

89 (872)ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഉത്സവ റോഡുകളെപ്പറ്റി എസ്റ്റിമേറ്റ് കമ്മിറ്റി നിർദ്ദേശിച്ചതും നിയമസഭയിൽ അവതരിപ്പിച്ചതുമായ റിപ്പോർട്ടിൽ മുണ്ടക്കയം - എരുമേലി സ്റ്റേറ്റ് ഹൈവേയും പമ്പാവാലി - കോരുത്തോട് - മുണ്ടക്കയം റോഡ് സ്റ്റേറ്റ് ഹൈവേയാക്കി പണിയണമെന്ന നിർദ്ദേശവും എത്ര നാൾകൊണ്ട് നടപ്പാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഇതിൽ മുണ്ടക്കയം-എരുമേലി സ്റ്റേറ്റ് ഹൈവേയുടെ പണി തുടങ്ങിയ രണ്ടാം ഘട്ടത്തിന് ബഡ്ജറ്റ് പ്രൊവിഷൻ വിട്ടുപോയതിന് പരിഹാരം ഉണ്ടാകുമോ;

(സി) പ്രസ്തുത റോഡിന്റെ മൂന്നാം ഘട്ടത്തിന് എന്ന് പ്രത്യേകാനുമതി നൽകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പമ്പാവാലി-കോരുത്തോട്ട് - മുണ്ടക്കയം ഭാഗം കൂടി എറണാകുളം-എരുമേലി പമ്പാവാലി ഹൈവേയുടെ ഭാഗമാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(ഇ) ഈ പണികൾ എപ്പോൾ പൂർത്തിയാകും?

ഉത്തരം

(എ) മുണ്ടക്കയം-എരുമേലി റോഡ് 2 കൊല്ലംകൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ പമ്പാവാലി കോരുത്തോട് - മുണ്ടക്കയം റോഡ് വനഭൂമി കിട്ടുന്നതനുസരിച്ച് മാത്രമേ പണി ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പണിക്ക് സപ്ലിമെന്ററി ഗ്രാന്റ് വഴി ഫണ്ട് ലഭ്യമാക്കുവാൻ നടപടി എടുത്തുവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രത്യേകാനുമതി നൽകുവാൻ കഴിയുകയുള്ളൂ.

(ഡി) ഇതുവരെ നടപടികളൊന്നും എടുത്തിട്ടില്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly